**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2974** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഹരിത രശ്മി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭക്ഷ്യ സഹായ പദ്ധതി (Food support scheme), മില്ലെറ്റ് വില്ലേജ്, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നമത് വെള്ളാമെ, ഹരിത രശ്മി എന്നിവ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതികളായി നടത്തിവരുന്നു.<br><br>ഭക്ഷ്യ സഹായ പദ്ധതി (Food support scheme)<br><br>പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. മൺസൂൺകാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾ പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു.<br><br>മില്ലെറ്റ് വില്ലേജ്<br><br>മില്ലെറ്റ് വില്ലേജ് പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ കൃഷി വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു.<br><br>നമത് വെള്ളാമെ |

| | | | |
|---|---|---|---|
| | | | **അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ നമത് വെള്ളാമെ എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിയ്ക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർപദ്ധതിയായി നടപ്പിലാക്കിവരുന്നു.**<br><br>**<u>ഹരിതരശ്മി</u>**<br><br>**പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി കൃഷിക്കുപയുക്തമാക്കുകയും ചെയ്യുന്നതിനു വേണ്ടി ഹരിതരശ്മി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.** |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിന്റെ പരമ്പരാഗത കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച ഹരിതരശ്മി പദ്ധതി എല്ലാ പട്ടികവർഗ്ഗ ഗ്രാമങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **ഇല്ല.**<br><br>**നിലവിൽ ഹരിതരശ്മി പദ്ധതി ഇടുക്കി, വയനാട് ജില്ലകളിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.** |
| (സി) | ഈ പദ്ധതിയുടെ ഭാഗമായി ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത ഭക്ഷ്യ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളുടെ സാങ്കേതിക സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | **പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പദ്ധതിയുടെ നടത്തിപ്പ് നിർവ്വഹിക്കുന്നത് കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) ആണ്.** |
| (ഡി) | ഈ പദ്ധതി പ്രകാരമുള്ള കാർഷിക പദ്ധതി നടപ്പിലാക്കുന്ന പട്ടികവർഗ്ഗ സൊസൈറ്റികൾക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ? | (ഡി) | **ഹരിതരശ്മി പദ്ധതി നടപ്പാക്കിയത് പ്രാദേശികമായി കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടാണ്. പ്രസ്തുത കർഷക ഗ്രൂപ്പുകളാണ് പ്രാദേശിക തലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും മേൽനോട്ടം വഹിക്കുന്നതും. എല്ലാ സഹായങ്ങളും ഈ സംഘങ്ങളുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്. ഇത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 157 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പദ്ധതികളുടെ ഭാഗമായി വിവിധതരം വിത്തുകൾ, പച്ചക്കറി തൈകൾ, ഔഷധ സസ്യങ്ങൾ, വാഴകൾ, വളങ്ങൾ, ജൈവ കീടനാശിനികൾ, കൃഷിപരിപാലന ഉപകരണങ്ങൾ, മണ്ണ് പരിശോധന, വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ, വിപണന സാധ്യതകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ